"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.DB1/18/2024/തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29-11-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാലസൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:-

1. 19/04/2022 ലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
2. 19/04/2022 ലെ സ.ഉ(കൈ)നം. 86/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
3. 28/05/2022 ലെ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
4. കേരള സംസ്ഥാന ബാലവകാശ കമ്മീഷന്റെ 30/06/2023 തീയതിയിലെ സി.ആർ.എം.പി. നമ്പർ : 5830/04/C2/2022/KeSCPCR നമ്പർ ഉത്തരവ്
5. തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 03.02.2024 ലെ LSGD/PD/2986/2024-EMP4 നമ്പർ കത്ത്

ആലപ്പുഴ ജില്ലയിലെ കായംകുളം ഗവ. ടൗൺ യു.പി. സ്കൂളിലുണ്ടായ ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, 2009 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ആക്ടിലെ വകുപ്പ് 15 പ്രകാരം പരാമർശം (4) ശിപാർശ തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകി തീർപ്പാക്കി ഉത്തരവായിരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാലസൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സൂചന 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരാമർശം (1) പ്രകാരമുള്ള മാർഗ്ഗരേഖയിൽ ചുവടെ ചേർക്കുംപ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

6.4 (എ) കുട്ടികളുടെ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി
8.8.2 അങ്കണവാടികൾ പരിപാലിക്കൽ
8.83 ഭക്ഷണ വിതരണ പരിപാടികൾ

2) മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനായി പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

6.4 (എ) കുട്ടികളുടെ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി
8.8.2 അങ്കണവാടികൾ പരിപാലിക്കൽ
8.83 ഭക്ഷണ വിതരണ പരിപാടികൾ

3) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗര ഭരണ സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് പരാമർശം (3) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിൽ ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

7.4.1 ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമാക്കൽ
7.4.2 കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ
7.4.3 കായികക്ഷമത - എൽ.പി.എസ് കുട്ടികളിൽ

കൂടാതെ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാലസൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പരാമർശം (1), (2),& (3) പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിലും, പരാമർശം (5) ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ട ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ബാലസൗഹൃദപരമായും ആരോഗ്യപരമായും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 29-11-2024 15:04:56

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

രജിസ്ട്രാർ, കേരള സംസ്ഥാന ബാലവാകാശ സംരംക്ഷണ കമ്മീഷൻ(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ (DB1/18/2024-LSGD)